**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3522** **14-07-2022 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ മിഠായി ക്ലിനിക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ പ്രവർത്തനമാരംഭിച്ച മിഠായി ക്ലിനിക് സാറ്റലൈറ്റ് സെന്ററിൽ പീഡിയാട്രിക് എൻഡോക്രൈനോളജിസ്റ്റ്, അഡൾട്ട് എൻഡോക്രൈനോളജിസ്റ്റ് എന്നിവരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | (എ) | മിഠായി പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലെയും പദ്ധതി ഗുണഭോക്താക്കൾക്ക് ഇൻസുലിൻ മരുന്ന്, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, സൂചി എന്നിവ നൽകുവാൻ വേണ്ടിയാണ് സാറ്റലൈറ്റ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചത്, ഇതുവഴി ദീർഘദൂര യാത്രകൾ ഒഴിവാക്കി അതാത് ജില്ലകളിൽനിന്ന് തന്നെ ഗുണഭോക്താക്കൾക്ക് മരുന്ന് ലഭ്യമാക്കുവാൻ സാധിക്കുന്നുണ്ട്. അപ്രകാരമാണ് പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലും മിഠായി സാറ്റലൈറ്റ് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചത്. മിഠായി സാറ്റലൈറ്റ് സെന്ററുകൾ അതാത് ആശുപത്രികളിലെ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗിച്ചാണ് പ്രവർത്തിച്ച് വരുന്നത്. |
| (ബി) | ജുവനൈൽ ഡയബറ്റിസ് രോഗികൾക്ക് നൽകി വരുന്ന സി. ജി. എം. എസ്. (കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്ററിംഗ് സിസ്റ്റം ), സൂചി എന്നിവയുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | നിലവിൽ നൽകി വരുന്ന സി ജി എം എസ്, സൂചി എന്നിവയുടെ എണ്ണം മിഠായി സ്റ്റേറ്റ് ടെക്നിക്കൽ കമ്മിറ്റി ശുപാർശ ചെയ്തതാണ്. ജുവനൈൽ ഡയബറ്റിക് - ൽ വിദഗ്ധരായ ഡോക്ടർമാരാണ് പ്രസ്തുത കമ്മിറ്റി അംഗങ്ങൾ. സി ജി എം എസ്, സൂചി എന്നിവയുടെ എണ്ണം വർധിപ്പിക്കേണ്ട സാഹചര്യം നിലവിലുള്ളതായി വിലയിരുത്തപ്പെട്ടിട്ടില്ല. ആവശ്യമുള്ള പക്ഷം അക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ